# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 03/02/2020

## .ന്യൂ ജനറേഷൻ മയക്ക്മരുന്നുമായി രണ്ട് പേർ പോലീസ് പിടിയിൽ

കൊല്ലം : ചവറ ശങ്കരമംഗലത്തുനിന്നും പുതുതലമുറയിൽപ്പെട്ട മയക്കുമരുന്നായ MDMA യുമായി രണ്ട് യുവാക്കൾ സിറ്റി പോലീസിന്റെ പിടിയിലായി. ശാസ്താംകോട്ട പെരുവേലിക്കര കരുന്തോട്ടുവാ പറങ്കിമാംവിള പുത്തൻ വീട്ടിൽ അഭിജിത്ത്



വയസ് 23, പെരുമ്പാവൂർ മുടിക്കുർ വരുതനാട്ട് ഹൗസിൽ ജിത്തു സണ്ണി വയസ് 19 എന്നിവരാണ് പോലീസ് പിടിയിലായത്. ദിവസങ്ങൾക്ക് മുമ്പ് MDMA യുമായി ഒരാളെ കരുനാഗപ്പള്ളിയിൽ നിന്നും പിടികൂടിയിരുന്നു സിന്തറ്റിക്സ് ഡ്രക്സ് ഇനത്തിൽപ്പെട്ട മയക്കുമരുന്നാണ് ഇവരിൽ നിന്നും പിടികൂടിയത്. ബാംഗ്ലൂരിൽ നിന്നും കൊണ്ടുവരുന്ന മയക്കുമരുന്ന് വിദ്യാർത്ഥികൾക്കായി വിൽപ്പനയ്ക്ക് കൊണ്ടുവന്നതാണെന്ന് ഇവർ പോലീസിനോട് പറഞ്ഞു. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. ഐപിഎസ് ന് ലഭിച്ച വിവരം ഡിസ്ട്രിക്റ്റ് ആന്റി നർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സിന് കൈമാറുകയായിരുന്നു. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ഇത്തരം മയക്കുമരുന്നിന്റെ ഉപയോഗവും വിൽപ്പനയും തടയുന്നതിന് വിദ്യാഭ്യാസ സ്ഥാപന അധികൃതരുടേയും രക്ഷകർത്താക്കളുടേയും ഭാഗത്തുനിന്നും കൂടുതൽ ജാഗ്രത ഉണ്ടാകണമെന്നും ലഭിക്കുന്ന വിവരങ്ങൾ സിറ്റിപോലീസിനെ അറിയിക്കണമെന്നും സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. ഐപിഎസ് അറിയിച്ചു.

സ്പെഷ്യൽ ബ്രാഞ്ച് എസിപി എം എ നസീർ, ഡിസിആർബി എസിപി എം അനിൽകുമാർ, ചവറ പോലീസ് ഇൻസ്പെക്ടർ നിസാമുദീൻ എസ്ഐ മാരായ ജയകുമാർ, സുകേശൻ, DANSAF അംഗങ്ങളായ സജു, സിനു, ബൈജു ജെറോം, റിബു, മനു, രതീഷ് എന്നിവരാണ് അന്വേഷണ സംഘത്തിലുള്ളത്. അറസ്റ്റ് ചെയ്ത പ്രതികളെ കോടതിയിൽ ഹാജരാക്കും.